പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. T *531 | 24.07.2015 ൽ മറുപടി<br>നല്കേണ്ടത് |

## ഭക്ഷ്യോല്പന്നങ്ങളിലെ വിഷാംശപരിശോധനാ സംവിധാനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. ഇ. എസ്. ബിജിമോൾ<br>" ഗീതാ ഗോപി<br>ശ്രീ. കെ. അജിത് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | പായ്ക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലും ഉൾപ്പെടെ എല്ലാ ബ്രാൻഡ് ഭക്ഷ്യ ഉല്പന്നങ്ങളിലുംവിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ) | പായ്ക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലും ഉൾപ്പെടെ ബ്രാൻഡ് ഭക്ഷ്യ ഉല്പന്നങ്ങളിൽ മായം ചേർത്തതായോ നിശ്ചിത നിലവാരം പുലർത്താത്തതായോ കണ്ടെത്തിയിട്ടുണ്ട്. |
| ബി) | പാചകംചെയ്ത ഭക്ഷണ സാധനങ്ങളിൽ മായം കലർത്തുന്നത് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | പാചകം ചെയ്തതുൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങളിലെ മായം കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്നസാമ്പിളുകൾ പരിശോധിക്കുന്നതിനായി 29.6.2015ലെ ജി.ഓ. ആർ.ടി.നം.2013/2015 ഉത്തരവിലൂടെ അംഗീകാരം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും പരിശോധന ലാബുകളുടെയും പ്രവർത്തനം തൃപ്തികരമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | സി) | തൃപ്തികരമല്ലെന്ന പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ആധുനികവൽക്കരണത്തിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകൾ NABL അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള തുടർ നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ആയതിനോടൊപ്പം ഭക്ഷണസാധനങ്ങളിലെ മായം കണ്ടെത്തുന്നതിനായി GCMSMS അടക്കമുള്ള അത്യന്താധുനിക പരിശോധനാ ഉപകരണങ്ങൾ തിരുവനന്തപുരം, എറണാകുളം എന്നീ റീജീയണൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ പ്രവർത്തനക്ഷമമാണ്.കൂടാതെ കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ GCMSMS നടപ്പിലാക്കുന്നതിനായി 85 ലക്ഷം രൂപ അനുവദിക്കുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് തീരുമാനിച്ചിട്ടുള്ളതുമാണ്. ടി ക്രമീകരണങ്ങൾ പൂർത്തിയാകുന്നതോടെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രത്തിലുള്ള 3 അനലിറ്റിക്കൽ ലാബുകളും അത്യന്താധുനിക ഉപകരണങ്ങളുടെ ലഭ്യത അടക്കം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ